(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉറപ്പുവരുത്തേണ്ട ആരോഗ്യരംഗത്തെ കാര്യങ്ങൾ

1 (8061) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. രാധാകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നമ്മുടെ സംസ്ഥാനം ആരോഗ്യ രംഗത്തുവേണ്ട മരുന്നുകൾ, വാക്സിൻ, സാങ്കേതികവിദ്യ ലഭ്യമാക്കൽ എന്നീ മേഖലകളിൽ പ്രധാനമായി ഉറപ്പുവരുത്തേണ്ടകാര്യങ്ങളെ സംബന്ധിച്ച് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിരുന്നോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനു സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ കേരള സംസ്ഥാന ആരോഗ്യ രംഗത്തുവേണ്ട മരുന്നുകൾ, വാക്സിൻ, സാങ്കേതികവിദ്യ ലഭ്യമാക്കൽ എന്നീ മേഖലകളിൽ പ്രധാനമായി ഉറപ്പുവരുത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് പ്രത്യേക നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല

(ബി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല

(സി) ബാധകമല്ല.

ശ്രുചിത്വകേരളം-ആരോഗ്യകേരളം പരിപാടി

2 (8062) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് ശുചിത്വകേരളം ആരോഗ്യകേരളം പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ആരുടെയെല്ലാം സഹകരണമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരോഗ്യം സംരക്ഷിക്കുന്നതിനായി വീടും പരിസരവും വൃത്തിയാക്കുന്നതിന് ഓരോ കുടുംബാംഗങ്ങളേയും പൊതുജനങ്ങളേയും ബോധവത്ക്കരിക്കുന്നതിന് എന്തെല്ലാം പ്രചരണ പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. പകർച്ചവ്യാധി പ്രതിരോധത്തിനായി, മഴക്കാലപൂർവ്വ ശുചീകരണം വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും നടത്തിവരുന്നു. കൂടാതെ, കൊതുക്, കുത്താടി നശീകരണത്തിന് ആഴ്ചതോറും ഡ്രൈഡേയും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകാനായി, ശുചിത്വകേരളം-ആരോഗ്യ കേരളം എന്ന സന്ദേശം സംസ്ഥാനത്തുടനീളം എത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക (മഴക്കാല പൂർവ്വ ശുചീകരണം, ഡ്രൈഡേ ആചരണം, ക്ലോറിനേഷൻ തുടങ്ങിയവ), ഉറവിടങ്ങളിൽത്തന്നെ മാലിന്യ സംസ്കരണത്തിന് ജനങ്ങളെ ബോധവത്ക്കരിക്കുക, മാലിന്യ സംസ്കരണത്തിന് ശുചിത്വമിഷനെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പ്രേരിപ്പിക്കുക, കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കാതെ സൂക്ഷിക്കുക ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് രോഗാതുരതയും മരണനിരക്കും കുറയ്ക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

(സി) ആരോഗ്യവകുപ്പിനൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ്, ജല വിഭവ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെയും ശുചിത്വ മിഷൻ തുടങ്ങിയ വിവിധ ഏജൻസികളുടെയും സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും സന്നദ്ധ സംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയുമെല്ലാം സഹകരണം ഈ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സുമാർ, ആശാ വർക്കർമാർ എന്നിവർ അവരുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഗൃഹ സന്ദർശനം നടത്തി രോഗപ്രതിരോധത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തിവരുന്നു.

- എഫ്. എം. റേഡിയോ, ആകാശവാണി, പത്രമാധ്യമങ്ങൾ, ടെലിവിഷൻ തുടങ്ങിയവവഴിയും ബോധവത്ക്കരണം നടത്തിവരുന്നു
- ആരോഗ്യ ബോധവത്ക്കരണ യാത്ര, മൈക്ക് പബ്ളിസിറ്റി തുടങ്ങിയവയും നടത്തുന്നു.
- വിദ്യാർത്ഥികൾ ബുധനാഴ്ച അസംബ്ലിയിൽ പകർച്ച വ്യാധി പ്രതിരോധ പ്രതിജ്ഞകൾ എടുക്കുന്നു
- റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, അന്യസംസ്ഥാന തൊഴിലാളികൾ തുടങ്ങിയവർക്ക് ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നു
- പൊതുജനാരോഗ്യ നിയമമനുസരിച്ച് പരിശോധന നടത്തുമ്പോൾ ബോധവത്ക്കരണവും നൽകിവരുന്നു.

ജനനീ ശിശു സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം

3 (8063) ശ്രീ. സാജു പോൾ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എം. ഹംസ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജനനീ ശിശുസുരക്ഷാ പദ്ധതിയുടെയും രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ പദ്ധതിയുടെയും സംസ്ഥാനത്തെ പ്രവർത്തനം വിലയിരുത്തിയിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) ഫണ്ട് ലഭ്യമാക്കാത്തതുകൊണ്ട് ഈ പദ്ധതികൾ മുടങ്ങിയതായുള്ള പരാതിയെക്കുറിച്ച് അന്വേഷിച്ചിരുന്നോ ;

(സി) പദ്ധതിയിലെ കേന്ദ്ര-സംസ്ഥാന ഫണ്ടിംഗ് രീതി അറിയിക്കാമോ ; ഈ പദ്ധതികൾക്കായി സംസ്ഥാന സർക്കാർ നീക്കിവച്ച തുകയുടെ വിശദവിവരം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly